# നീര ടാപ്പിംഗിനു കൂടുതൽ ലൈസൻസ് ഉടൻ: മന്ത്രി കെ. ബാബു

**കൊച്ചി:** എറണാകുളം ഉൾപ്പെടെയുള്ള 173 ഫെഡറേഷനുകൾക്ക് ഉടനെതന്നെ നീര ചെത്താനുള്ള ലൈസൻസ് കൊടുക്കുമെന്ന് എക്സൈസ് മന്ത്രി കെ. ബാബു അറിയിച്ചു. തിരുകൊച്ചി കമ്പനിയുടെ പ്രീമിയം ബ്രാൻഡ് നീരയുടെ ലോഞ്ചിംഗ് നാളികേര വികസന ബോർഡ് കൊച്ചി ആസ്ഥാനത്ത് നിർവ്വഹിച്ചുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേരകർഷക കൂട്ടായ്മകളുടെ താത്പര്യങ്ങൾക്കനുസരിച്ച് ലൈസൻസ് നൽകാനുള്ള തീരുമാനം ഉടൻതന്നെ എക്സൈസ് വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. വിദേശത്ത് നിന്നും കൊണ്ടുവരുന്ന വിലയേറിയ ബൗണ്ടി ചോക്ലേറ്റുകളേക്കാളും ഏറെ രുചികരമാണ് നമ്മുടെ നാട്ടിൽ നീര ഷുഗറുചേർത്തുണ്ടാക്കുന്ന ചോക്ലേറ്റുകൾ. ചോക്ലേറ്റുകളും മറ്റ് മൂല്യ വർധിത ഉൽപന്നങ്ങളും കയറ്റുമതി ചെയ്യാനുള്ള സാധ്യതകൾ വളരെ കൂടുതലാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.




തിരുകൊച്ചി കമ്പനിയുടെ പ്രീമിയം ബ്രാൻഡ് നീരയുടെ ലോഞ്ചിംഗ് നാളികേര വികസന ബോർഡ് കൊച്ചി ആസ്ഥാനത്ത് മന്ത്രി കെ.ബാബു നിർവഹിക്കുന്നു. ടോണി ചമ്മണി, ടി.കെ.ജോസ്, ബാബു ജോസഫ്, ഏലിയാസ് കെ.തര്യൻ എന്നിവർ സമീപം.

എറണാകുളം ജില്ലയിലെ നാളികേര ഉത്പാദക സൊസൈറ്റികളുടെ നേതൃത്വത്തിൽ രൂപം കൊടുത്തിട്ടുള്ള തിരുക്കൊച്ചി നാളികേര ഉദ്പാദക കമ്പനിയുടെ നീര ശർക്കര കേക്കിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ലോഞ്ചിംഗ് കൊച്ചി മേയർ ടോണി ചമ്മണി നിർവ്വഹിച്ചു.

തിരുകൊച്ചി നാളികേര ഉത്പാദക കമ്പനി ചെയർമാൻ ജോസഫ് ബാബു അധ്യക്ഷത വഹിച്ചു. മൂന്നു മാസത്തിനുള്ളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി തിരുകൊച്ചി നാളികേര കമ്പനിയുടെ പ്ലാന്റ് ഉദ്ഘാടനം ചെയ്യുമെന്ന് ജോസഫ് ബാബു പറഞ്ഞു. നാളികേര ബോർഡ് ചെയർമാൻ ടി.കെ. ജോസ്, ഏലിയാസ് കെ. തര്യൻ, തിരുകൊച്ചി കമ്പനി സിഇഒ ബിജു ജോൺ എന്നിവർ പ്രസംഗിച്ചു.

ക്രിസ്തുമസ് പുതുവത്സര വിപണി ലക്ഷ്യമാക്കി തിരുകൊച്ചി കമ്പനി വിപണിയിലിറക്കിയ നീര കേക്ക് നാളികേരബോർഡിന്റെ നാഫെഡ് സ്റ്റാളിൽ നിന്നു രണ്ടു ദിവസത്തിനുള്ളിൽ ലഭ്യമാക്കും. 400 ഗ്രാം കേക്കിന് 160 രൂപയും 800 ഗ്രാമിന് 320 രൂപയുമാണ് വില.